69 (978) കർഷക തൊഴിലാളി പെൻഷൻ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയിൽ പണിയെടുക്കുന്ന മൊത്തം കർഷക തൊഴിലാളികൾ എത്ര; അവരുടെ ജില്ല തിരിച്ചുള്ള കണക്കെത്ര;

(ബി) സംസ്ഥാനത്തെ ആകെ കർഷകതൊഴിലാളി പെൻഷൻ എത്ര പേർക്കാണ് അനുവദിച്ചിട്ടുള്ളത്; അവയുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) കർഷക തൊഴിലാളി പെൻഷൻ ഇനത്തിൽ 1999-2000 വർഷത്തേക്ക് എന്തു തുകയാണ് നീക്കിവച്ചിട്ടുള്ളത്?

ഉത്തരം

(എ) സംസ്ഥാനത്തെ കാർഷിക മേഖലയിൽ പണിയെടുക്കുന്ന മൊത്തം കർഷക തൊഴിലാളികളുടെ വിവരം ലഭ്യമല്ല. എന്നാൽ കർഷക തൊഴിലാളിക്ഷേമനിധി ബോർഡിന്റെ കീഴിൽ 14,77,772 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരം താഴെ പറയുന്നു.

തിരുവനന്തപുരം	1,16,250
കൊല്ലം	76,819,
പത്തനംതിട്ട	64,673
ആലപ്പുഴ	1,19,075
കോട്ടയം	91,134
ഇടുക്കി	58,998
എറണാകുളം	1,10,583
തൃശൂർ	1,64,070
പാലക്കാട്	1,88,181
മലപ്പുറം	1,06,436
കോഴിക്കോട്	1,31,337
വയനാട്	82,130
കണ്ണൂർ	1,29,912
കാസർഗോഡ്	41,174

(ബി) 4,07,388 പേർക്ക്.

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	47818
കൊല്ലം	27717
പത്തനംതിട്ട	13157
ആലപ്പുഴ	48787
കോട്ടയം	26234
ഇടുക്കി	5651
എറണാകുളം	20886
തൃശൂർ	31207
പാലക്കാട്	44195
മലപ്പുറം	39169

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട്	53062
വയനാട്	9504
കണ്ണൂർ	29,427
കാസർഗോഡ്	10574

(സി) 37.20 കോടി രൂപ

(മുപ്പത്തിയേഴ് കോടി ഇരുപത് ലക്ഷം രൂപ)

70 (979) കശുവണ്ടി മേഖലയിലെ തൊഴിലാളികൾ

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന മൊത്തം തൊഴിലാളികൾ എത്ര;

(ബി) കശുവണ്ടി തൊഴിലാളി പെൻഷൻ ഇതിനകം എത്ര തൊഴിലാളികൾക്ക് അനുവദിച്ചിട്ടുണ്ടെന്നും അതിലേക്കു വേണ്ടി 30-11-1999 വരെ എന്തു തുക ചെലവാക്കിയിട്ടുണ്ട് എന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തൊട്ടാകെ കശുവണ്ടിമേഖലയിൽ പ്രവർത്തിക്കുന്ന ഫാക്ടറികൾ എത്ര; അവയിൽ കൂടിൽ വ്യവസായങ്ങൾ എത്ര?

<u>ഉത്തരം</u>

(എ) 2,25,390 പേർ.

(ബി) കശുവണ്ടി തൊഴിലാളി പെൻഷൻ ഇതിനകം 32,306 തൊഴിലാളികൾക്ക് അനുവദിച്ചിട്ടുണ്ട്. ഇതിലേക്കായി 30-11-1999 വരെ 15,59,31,450/- രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) 551 രജിസ്ട്രേഡ് കശുവണ്ടി ഫാക്ടറികൾ ഉണ്ട്. ഇവയിൽ കൂടിൽ വ്യവസായങ്ങൾ ഒന്നുമില്ല.

71 (980) എഴുകോൺ ഇ.എസ്.ഐ.ആശുപത്രി

<u>ശ്രീ. എഴുകോൺ നാരായണൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ എണ്ണം വിഭാഗം തിരിച്ചു വെളിപ്പെടുത്തുമോ;

(ബി) ഇതിൽ ഏതൊക്കെ വിഭാഗത്തിൽ ഡോക്ടർമാരുണ്ട്; ഏതൊക്കെ വിഭാഗത്തിൽ ഡോക്ടർമാരുടെ ഒഴിവുണ്ട്; ഈ ഒഴിവുകൾ ഓരോന്നും നിലവിൽവന്നിട്ട് എത്ര നാളായി;

(സി) ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളുമോ;

(ഡി) എഴുകോൺ ഇ.എസ്.ഐ.ആശുപത്രിയിലെ ഓപ്പറേഷൻ തീയേറ്ററിൽ എ.സി.പ്ലാന്റ് സ്ഥാപിച്ചത് എന്നാണ്;

(ഇ) ഇത് നാളിതുവരെ പ്രവർത്തിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly